## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1151 14.06.2012 - ൽ മറുപടിക്ക്**

# മരാമത്ത് മാന്വൽ പരിഷ്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. വർക്കല കഹാർ : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) നിലവിലുള്ള മരാമത്ത് മാന്വൽ പരിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) നിലവിലുള്ള മാന്വൽ പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) നിർമ്മാണ നിലവാരം ഉറപ്പാക്കാൻ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് മാന്വലിൽ വരുത്താൻ ഉദ്ദേശിക്കുന്നത് ;<br><br>(സി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) പരിഷ്ക്കരിച്ച പൊതുമരാമത്ത് മാന്വലിൽ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പിലെ റോഡ് പണികൾക്ക് ഐ. ആർ. സി. സ്റ്റാൻഡാർഡ് -നേയും MORTH സ്പെസിഫിക്കേഷനേയും അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഡേറ്റയും, കെട്ടിട നിർമ്മാണത്തിന് സെൻട്രൽ പി. ഡബ്ലിയു. ഡി. സ്പെസിഫിക്കേഷനേയും നാഷണൽ ബിൽഡിംഗ് കോഡിനേയും അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഡേറ്റയും ആണ് ഇനി മുതൽ പൊതുമരാമത്ത് വകുപ്പിൽ |

ഉപയോഗിക്കുക. എല്ലാ ജില്ല കളിലും നിലവിലുള്ള ഗുണനില - വാര പരിശോധന ശാലകൾ ഫലപ്രദമായി പ്രവർത്തിക്കുന്ന - തിനാവശ്യമായ സാധന സാമഗ്രി- കൾ ഉറപ്പാക്കുക, ആവശ്യമുള്ള ഇടങ്ങളിൽ സർക്കാർ സ്ഥലത്ത് ലാബറട്ടറി കെട്ടിടങ്ങൾ നിർമ്മി - ക്കുക, ആവശ്യമായ ഉദ്യോഗ- സ്ഥൻമാരെ നിയമിക്കുക എന്നിവ കൂടാതെ പുതുതായി മേഖലാടി - സ്ഥാനത്തിൽ ഓരോ എക്സിക്യൂട്ടീവ് എഞ്ചിനീയർ- മാരെ കൂടി ഇതിന്റെ മേൽനോട്ടത്തിനും, പരിശോധന- ക്കുമായി നിയമിക്കാൻ വ്യവസ്ഥ- യുണ്ട്. ഈ എഞ്ചിനീയർ, ഭരണവും ഡിസൈനും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നേരിട്ട് റിപ്പോർട്ട് സമർപ്പിക്കും. പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരെ - ക്കൊണ്ട് ടെക്നിക്കൽ ആഡിറ്റിങ്ങ് നടത്തണമെന്നും വ്യവസ്ഥയുണ്ട്.

**സെക്ഷൻ ഓഫീസർ**